"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

"വിഷൻ - 2031" സംസ്ഥാനതല സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.6/2025/I&PRD തിരുവനന്തപുരം, തീയതി 29-08-2025

---

<u>ഉത്തരവ്</u>

2031 ൽ കേരളസംസ്ഥാനം രൂപീകരിച്ചിട്ട് 75 വർഷം പൂർത്തിയാകുന്നതിനാൽ കേരളത്തിന്റെ കഴിഞ്ഞകാല വളർച്ചയെ വിലയിരുത്തുന്നതിനും, ഭാവിവികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, 2031 — ൽ കേരളം എങ്ങനെയായിരിക്കണം എന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും ആശയങ്ങൾ ശേഖരിക്കുന്നതിന് 2025 ഒക്ടോബർ മാസത്തിൽ സംസ്ഥാനത്ത് 33 സെമിനാറുകൾ സംഘടിപ്പിക്കുന്നതിനായി ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. 2031 — ൽ കേരളം എങ്ങനെയായിരിക്കണം, വികസനത്തിന്റെ പ്രധാന മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകണം എന്നതിനെക്കുറിച്ച് ആശയങ്ങൾ ശേഖരിക്കുന്നതിന് 2025 ഒക്ടോബറിൽ സംസ്ഥാനത്ത് 33 സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.

2. ഓരോ സെമിനാറും തിരഞ്ഞെടുത്ത വിഷയങ്ങളെ അടിസ്ഥാനമാക്കി ബന്ധപ്പെട്ട ബഹു. മന്ത്രിമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

3. സെമിനാറുകളിൽ നിന്ന് ലഭിക്കുന്ന വകുപ്പുതല കാഴ്ചപ്പാടുകൾ (വിഷനുകൾ) ക്രോഡീകരിച്ച്, ജനുവരിയിൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വിപുലമായ സെമിനാർ സംഘടിപ്പിക്കേണ്ടതാണ്.

4. കേരളത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് വഴിയൊരുക്കാനും, 2031-ഓടെ കേരളത്തെ വികസിതവും പുരോഗമനപരവുമായ ഒരു സംസ്ഥാനമാക്കിമാറ്റുന്നതിനും വേണ്ടി 2031 - ലേക്കുള്ള കേരളത്തിന്റെ വികസന പദ്ധതികൾക്ക് രൂപം നൽകാനാണ് 2025 ഒക്ടോബറിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന "വിഷൻ - 2031" - 33 വിഷയാധിഷ്ഠിത സെമിനാറുകളും ഇതിന്റെ അടിസ്ഥാനത്തിൽ ജനുവരിയിൽ നടത്തുന്ന പ്രധാന

കോൺക്ലേവിന്റെ ചർച്ചയും ലക്ഷ്യമിടുന്നത്.

5. വിവിധ ജില്ലകളിൽ ബഹു. മന്ത്രിമാരുടെ നേതൃത്വത്തിൽ ആസൂത്രണം ചെയ്യുന്ന 33 സെമിനാറുകൾ ഓരോ മന്ത്രിമാരുടെയും ചുമതലയിലുള്ള വകുപ്പുകളുടെ 2031 ലേക്കുള്ള വിഷൻ ചർച്ച ചെയ്യാൻ ഉതകുന്ന രീതിയിൽ സംഘടിപ്പിക്കേണ്ടതാണ്.

6. 2025 ഒക്ടോബർ 1-നും 30-നും ഇടയിൽ ബഹു.മന്ത്രി തീരുമാനിക്കുന്ന തീയതികളിലാകണം സെമിനാറുകൾ സംഘടിപ്പിക്കേണ്ടത്.

7. കേരളത്തിലുടനീളം 33 സെമിനാറുകൾ നടത്തുമ്പോൾ എല്ലാ ജില്ലകൾക്കും സമാനമായ പ്രാധാന്യം ഉണ്ടാകുന്ന രീതിയിലായിരിക്കണം സെമിനാറുകൾ ആസൂത്രണം ചെയ്യേണ്ടത് എന്നതിനാൽ 'വിഷൻ - 2031' സെമിനാറുകൾക്കായി വിഷയങ്ങളും ജില്ലയും തിരഞ്ഞെടുത്ത പട്ടിക അനുബന്ധം - 1 ൽ നൽകിയിട്ടുണ്ട്.

8. ഓരോ സെമിനാറിലും 500 മുതൽ 1000 വരെ ആളുകളെ പങ്കെടുപ്പിക്കേണ്ടതാണ്.

9. പരിപാടിയുടെ തുടക്കത്തിൽ, വകുപ്പിന്റെ 10 വർഷത്തെ നേട്ടങ്ങളും നിലവിലുള്ള പ്രധാനനയങ്ങളും, നടപ്പാക്കിയ സുപ്രധാന പദ്ധതികളും വകുപ്പ് സെക്രട്ടറി അവതരിപ്പിക്കേണ്ടതാണ്.

10. തുടർന്ന്, ചർച്ച ചെയ്യുന്ന മേഖലയിൽ കേരളത്തിന്റെ വികസനം 2031 ൽ എന്താകണം എന്ന വീക്ഷണം ഉൾക്കൊള്ളുന്ന നയരേഖ (വിഷൻ 2031 ന്റെ കരട്) ബഹു. മന്ത്രി സെമിനാറിൽ അവതരിപ്പിക്കണം.

11. അതിനുശേഷം ബഹു. മന്ത്രി അവതരിപ്പിച്ച കരട് നയരേഖയെ അധികരിച്ച് പാനൽ ചർച്ചകൾ നടത്തേണ്ടതാണ്. ദേശീയ അന്തർദേശീയതലത്തിലുള്ള വിദഗ്ധരെ പാനലിസ്റ്റുകളായി ബന്ധപ്പെട്ട വകുപ്പ് ക്ഷണിക്കേണ്ടതാണ്.

12. ഇതിന്റെ സംഗ്രഹമായി ചർച്ച ചെയ്യുന്ന വിഷയങ്ങളും രൂപീകരിക്കപ്പെട്ട അഭിപ്രായങ്ങളും ഉൾപ്പെടുത്തി ഒരു കരട് രേഖ (വിഷൻ 2031: ചർച്ച ചെയ്ത മേഖലയുടെ റിപ്പോർട്ട്) സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

13. ബന്ധപ്പെട്ട വകുപ്പുകൾ സെമിനാറിന്റെ സംഘാടക ചുമതല നിർവഹിക്കേണ്ടതാണ്. സെമിനാർ സംബന്ധിച്ച ചെലവ് അതത് വകുപ്പ് കണ്ടെത്തേണ്ടതാണ്.

14. വിഷയത്തിലൂന്നി ഗുണകരമായ ചർച്ചക്ക് കഴിയുന്ന പാനലിസ്റ്റുകളെ വകുപ്പുകൾ കണ്ടെത്തി പരിപാടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്

15. സെമിനാർ കൂടുതൽ മെച്ചപ്പെടുത്താൻ സൗകര്യവും ആവശ്യവും പരിഗണിച്ച് ചെയ്യാവുന്ന പരിഷ്ക്കാരങ്ങൾ അതത് വകുപ്പുകൾക്ക് സംഘാടനത്തിൽ സ്വീകരിക്കാവുന്നതാണ്.

16. ഓരോ സെമിനാറിനും പരമാവധി 3 ലക്ഷം രൂപ വരെ ബന്ധപ്പെട്ട വകുപ്പിന്റെ ഫണ്ടിൽ നിന്നും ചെലവ് ചെയ്യാനുള്ള അനുമതി ഉത്തരവ് ധനവകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്.

17. സെമിനാറിന് ശേഷം ഒക്ടോബർ 30 ഓടെ ചുവടെ പറയും പ്രകാരം മൂന്ന് രേഖകൾ തയ്യാറാക്കി സംഘാടക വകുപ്പ് അതത് മന്ത്രിമാർ മുഖേന സമർപ്പിക്കേണ്ടതാണ്.

i) ആദ്യരേഖ വകുപ്പിന്റെ നേട്ടങ്ങൾ ക്രോഡീകരിച്ചുള്ള സെക്രട്ടറിയുടെ അവതരണത്തെ ആസ്പദമാക്കിയാകണം

ii) രണ്ടാമത്തെ രേഖ ബഹു. മന്ത്രി അവതരിപ്പിച്ച വിഷൻ 2031 നയരേഖയായിരിക്കണം

iii) മൂന്നാമത്തെ രേഖ സെമിനാറിൽ ഉരുത്തിരിഞ്ഞ വിഷയങ്ങളും വകുപ്പ് ചെയ്യാൻ ലക്ഷ്യമാക്കുന്ന കാര്യങ്ങളും അടയാളപ്പെടുത്തുന്നതാകണം

18. സെമിനാറുമായി ബന്ധപ്പെട്ട പ്രചാരണം ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് നടത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് ഹരികിഷോർ ഐ എ എസ്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി,സെക്രട്ടറി, സെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ സർക്കാർ/ അർദ്ധ സർക്കാർ/ ഗ്രാന്റ് ഇൻ എയിഡ്/ സ്വയംഭരണ സ്ഥാപന മേധാവികൾക്കും
ധനകാര്യ വകുപ്പ്
സെക്രട്ടേറിയറ്റിലെ നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
പൊതുഭരണ(എസ്.സി) വകുപ്പ് (...............................................)
പ്രിൻസിപ്പൽ അക്കൗണ്ടന്റ ജനറൽ (ഏ & ഇ, ആഡിറ്റ്), കേരള തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonia James
Date: 29-08-2025 17:12:35
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വകുപ്പ് ഡയറക്ടറുടെ സി എ യ്ക്ക്

## അനുബന്ധം - 1

| ജില്ല | വിഷയം 1 | വിഷയം 2 | വിഷയം 3 | വിഷയം 4 |
|---|---|---|---|---|
| തിരുവനന്തപുരം | ഭക്ഷ്യ പൊതുവിതരണം | പൊതു വിദ്യാഭ്യാസം | വ്യവസായം | |
| കൊല്ലം | മൃഗസംരക്ഷണവും ക്ഷീരവികസനവും | തൊഴിൽ | | |
| പത്തനംതിട്ട | ഗതാഗതം | ആരോഗ്യം | | |
| ആലപ്പുഴ | കൃഷി | ഫിഷറീസ് | | |
| കോട്ടയം | ഉന്നതവിദ്യാഭ്യാസം | സഹകരണം | | |
| ഇടുക്കി | ജലവിഭവം | ടൂറിസം | | |
| എറണാകുളം | ധനകാര്യം, രജിസ്ട്രേഷൻ | ഐ.ടി | സർവെ | ന്യൂനപക്ഷക്ഷേമം |
| തൃശ്ശൂർ | റവന്യൂ | സാമൂഹ്യനീതി | സാംസ്കാരികം | |
| പാലക്കാട് | വൈദ്യുതി | തദ്ദേശസ്വയംഭരണം | എക്സൈസ് | |
| മലപ്പുറം | കായികം | വനിത-ശിശു വികസനം | | |
| കോഴിക്കോട് | പൊതുമരാമത്ത് | യുവജനക്ഷേമം | | |
| വയനാട് | പട്ടികജാതി പട്ടികവർഗവികസനം | വനം വന്യജീവി | | |
| കണ്ണൂർ | തുറമുഖം | ആഭ്യന്തരം | | |
| കാസർകോട് | മ്യൂസിയവും പുരാവസ്തു പുരാരേഖയും | നോർക്ക | | |

E-9972185/2025/I&PRD

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-08-2025

ഫയൽ നം. സി1/344/2025/ഐ&പിആർഡി. ഇനം നം: 3209

വിഷയം : ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - കേരളം - വിഷൻ - 2031 - സംസ്ഥാനതല സെമിനാറുകൾ സംഘടിപ്പിക്കുന്നത്.

തീരുമാനം : താഴെപ്പറയുന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു. അനുബന്ധത്തിൽ, കോഴിക്കോട് ജില്ലയിൽ വിഷയം (2)-ൽ ഉൾപ്പെടുത്തിയിരുന്ന 'ന്യൂനപക്ഷക്ഷേമം' അവിടെ നിന്നും മാറ്റി എറണാകുളം ജില്ലയിൽ വിഷയം (4) ആയി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

~~DS~~ JS PRD
Issue GO today itself
29/8

2 ... 2025

E - 99735555

3209

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ )**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | സി1/344/2025/ഐ&പിആർഡി |
| 2. | വകുപ്പ് | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ് |
| 3. | വിഷയം | **കേരളം – വിഷൻ – 2031– സംസ്ഥാനതല സെമിനാറുകൾ സംഘടിപ്പിക്കുന്നത് – സംബന്ധിച്ച്** |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20/08/2025 |
| 5. | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | ഉണ്ട് |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ ശ്യാം വി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ എസ് ഹരികിഷോർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 21/08/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ ജയതിലക് ഐഎഎസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/08/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26/08/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26/08/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2031 - ൽ കേരളം എങ്ങനെയായിരിക്കണം, പ്രധാനമേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകണം എന്നതിനെക്കുറിച്ച് ആശയങ്ങൾ ശേഖരിക്കുന്നതിന് 2025 ഒക്ടോബർ മാസത്തിൽ സംസ്ഥാനത്താകെ 33 സെമിനാറുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2) 2031 - ൽ കേരള സംസ്ഥാനം രൂപീകൃതമായിട്ട് 75 വർഷം പൂർത്തിയാകുന്നതിനാൽ കേരളത്തിന്റെ കഴിഞ്ഞകാല വളർച്ചയെ വിലയിരുത്താനും, ഭാവിവികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യാനും വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും ആസൂത്രണം ആവശ്യമാണ്. ടി സമയത്ത് കേരളം എങ്ങനെയായിരിക്കണം, പ്രധാനമേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകണം എന്നതിനെക്കുറിച്ച് ആശയങ്ങൾ ശേഖരിക്കുന്നതിന് 2025 ഒക്ടോബർ മാസത്തിൽ സംസ്ഥാനത്താകെ 33 സെമിനാറുകൾ സംഘടിപ്പിക്കാവുന്നതാണ്.

3) ഓരോ സെമിനാറും വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ബന്ധപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ നടത്താവുന്നതും സെമിനാറുകളിൽ നിന്നു ലഭിക്കുന്ന വകുപ്പുതലത്തിലുള്ള കാഴ്ചപ്പാടുകൾ (വിഷനുകൾ) ക്രോഡീകരിച്ച്, ജനുവരിയിൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വിപുലമായ സെമിനാർ സംഘടിപ്പിച്ച് ചർച്ച ചെയ്യാവുന്നതുമാണ്.

4) ബന്ധപ്പെട്ട വകുപ്പുകൾക്ക് സെമിനാറിന്റെ സംഘാടന ചുമതല നൽകാവുന്നതും ഇതുമായി ബന്ധപ്പെട്ട പ്രചാരണം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് നടത്തുന്നതുമാണ്.

5) പ്രസ്തുത പരിപാടിക്ക് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

### സെമിനാറുകൾ ചുവടെ പറയും പ്രകാരം സംഘടിപ്പിക്കാവുന്നതാണ്.

1. 2031 - ൽ കേരളം എങ്ങനെയായിരിക്കണം, അതിന്റെ പ്രധാന മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകണം എന്നതിനെക്കുറിച്ച് ആശയങ്ങൾ ശേഖരിക്കുന്നതിന് 2025 ഒക്ടോബറിൽ സംസ്ഥാനത്ത് 33 സെമിനാറുകൾ സംഘടിപ്പിക്കാവുന്നതാണ്.
2. ഓരോ സെമിനാറും വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ബന്ധപ്പെട്ട ബഹു. മന്ത്രിമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാവുന്നതാണ്.
3. സെമിനാറുകളിൽ നിന്ന് ലഭിക്കുന്ന വകുപ്പുതല കാഴ്ചപ്പാടുകൾ (വിഷനുകൾ) ക്രോഡീകരിച്ച്, ജനുവരിയിൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വിപുലമായ സെമിനാർ സംഘടിപ്പിക്കാവുന്നതാണ്.
4. 33 വിഷയാധിഷ്ഠിത സെമിനാറുകളിൽ നിന്നുള്ള റിപ്പോർട്ടും, ഇതിന്റെ അടിസ്ഥാനത്തിൽ ജനുവരിയിൽ നടത്തുന്ന പ്രധാന കോൺക്ലേവിന്റെ ചർച്ചയുടെ

ഉള്ളടക്കവും 2031-ലേക്കുള്ള കേരളത്തിന്റെ വികസന പദ്ധതികൾക്ക് രൂപം നൽകാനാണ് ലക്ഷ്യമിടുന്നത്. ഈ ദൗത്യം കേരളത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് വഴിയൊരുക്കുമെന്നും, 2031-ഓടെ കേരളത്തെ വികസിതവും പുരോഗമനപരവുമായ ഒരു സംസ്ഥാനമാക്കി മാറ്റാൻ സഹായിക്കുമെന്നും പ്രതീക്ഷിക്കാവുന്നതാണ്.

5. വിവിധ ജില്ലകളിൽ ബഹു. മന്ത്രിമാരുടെ നേതൃത്വത്തിൽ 33 സെമിനാറുകൾ സംഘടിക്കാവുന്നതും ബഹു. മന്ത്രിമാരുടെ ചുമതലയിലുള്ള വകുപ്പുകളുടെ വിഷൻ ചർച്ച ചെയ്യാൻ ഉതകുന്ന വിഷയങ്ങൾ ഉൾക്കൊള്ളിക്കുന്നതുമാണ്.

6. 2025 ഒക്ടോബർ 1-നും 30-നും ഇടയിൽ ബഹു.മന്ത്രി തീരുമാനിക്കുന്ന തീയതികളിലാകണം സെമിനാറുകൾ സംഘടിപ്പിക്കേണ്ടത്.

7. കേരളത്തിലുടനീളം 33 സെമിനാറുകൾ നടത്തുമ്പോൾ വിഷയങ്ങൾ കരട് പട്ടികയിൽ ക്രമീകരിക്കേണ്ടത് എല്ലാ ജില്ലകൾക്കും സമാനമായ പ്രാധാന്യം ഉണ്ടാകുന്ന രീതിയിലായിരിക്കണം. ഇതിനായി പരിഗണിക്കുന്ന പട്ടിക അനുബന്ധം - 1 ൽ നൽകിയിട്ടുണ്ട്.

8. ഓരോ സെമിനാറിലും 500 മുതൽ 1000 വരെ ആളുകളെ പങ്കെടുപ്പിക്കേണ്ടതാണ്.

9. പരിപാടിയുടെ തുടക്കത്തിൽ വകുപ്പിന്റെ 10 വർഷത്തെ നേട്ടങ്ങളും നിലവിലുള്ള പ്രധാനനയങ്ങളും, നടപ്പാക്കിയ സുപ്രധാന പദ്ധതികളും വകുപ്പ് സെക്രട്ടറി അവതരിപ്പിക്കേണ്ടതാണ്.

10. തുടർന്ന്, ചർച്ച ചെയ്യുന്ന മേഖലയിൽ കേരളത്തിന്റെ വികസ്നം 2031 ൽ എന്താകണം എന്ന വീക്ഷണം ഉൾക്കൊള്ളുന്ന നയരേഖ വിഷൻ 2031 ന്റെ കരട് ബഹു. മന്ത്രി സെമിനാറിൽ അവതരിപ്പിക്കേണ്ടതാണ്.

11. തുടർന്ന്, ബഹു. മന്ത്രി അവതരിപ്പിച്ച കരട് നയരേഖയെ അധികരിച്ച് പാനൽ ചർച്ചകൾ നടത്തേണ്ടതാണ്. ദേശീയ അന്തർദേശീയതലത്തിലുള്ള വിദഗ്ധരെ പാനലിസ്റ്റുകളായി ബന്ധപ്പെട്ട വകുപ്പ് ക്ഷണിക്കേണ്ടതാണ്.

12. ഇതിന്റെ സംഗ്രഹമായി ചർച്ച ചെയ്യുന്ന വിഷയങ്ങളും രൂപീകരിക്കപ്പെട്ട അഭിപ്രായങ്ങളും ഉൾപ്പെടുത്തി ഒരു കരട് രേഖ (വിഷൻ 2031: ചർച്ച ചെയ്ത മേഖലയുടെ റിപ്പോർട്ട്) സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

13. സെമിനാർ സംബന്ധിച്ച ചെലവ് അതത് വകുപ്പ് കണ്ടെത്തേണ്ടതാണ്.

14. വിഷയത്തിലൂന്നി ഗുണകരമായ ചർച്ചക്ക് കഴിയുന്ന പാനലിസ്റ്റുകളെ വകുപ്പുകൾ കണ്ടെത്തി പരിപാടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

15. സെമിനാർ കൂടുതൽ മെച്ചപ്പെടുത്താൻ സൗകര്യവും ആവശ്യവും പരിഗണിച്ച്

ചെയ്യാവുന്ന പരിഷ്ക്കാരങ്ങൾ അതത് വകുപ്പുകൾക്ക് സംഘാടനത്തിൽ സ്വീകരിക്കാവുന്നതാണ്.

16. ഓരോ സെമിനാറിനും പരമാവധി 3 ലക്ഷം രൂപ വരെ ബന്ധപ്പെട്ട വകുപ്പിന്റെ ഫണ്ടിൽ നിന്നും ചെലവ് ചെയ്യാനുള്ള അനുമതി ഉത്തരവ് ധനവകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്.

17. സെമിനാറിന് ശേഷം ഒക്ടോബർ 30 ഓടെ മൂന്ന് രേഖകൾ തയ്യാറാക്കി സംഘാടക വകുപ്പ് അതത് മന്ത്രി മുഖേന സമർപ്പിക്കേണ്ടതാണ്.

i) വകുപ്പിന്റെ നേട്ടങ്ങൾ ക്രോഡീകരിച്ചുള്ള സെക്രട്ടറിയുടെ അവതരണത്തെ ആസ്പദമാക്കിയാകണം ആദ്യരേഖ.

ii) ബഹു. മന്ത്രി അവതരിപ്പിച്ച വിഷൻ 2031 നയരേഖയായിരിക്കണം രണ്ടാമത്തെ രേഖ.

iii) സെമിനാറിൽ ഉരുത്തിരിഞ്ഞ വിഷയങ്ങളും വകുപ്പ് ചെയ്യാൻ ലക്ഷ്യമാക്കുന്ന കാര്യങ്ങളും അടയാളപ്പെടുത്തുന്നതാകണം മൂന്നാമത്തെ രേഖ.

<u>തീരുമാനിക്കേണ്ട വിഷയം</u>

1) 2031-ഓടെ കേരളം എങ്ങനെയായിരിക്കണം, അതിന്റെ പ്രധാന മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകണം എന്നതിനെക്കുറിച്ച് ആശയങ്ങൾ ശേഖരിക്കുന്നതിന് 2025 ഒക്ടോബറിൽ സംസ്ഥാനത്ത് 33 സെമിനാറുകൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാമോ?

2) ഒരു സെമിനാറിന് അതത് വകുപ്പിന് പരമാവധി 3 ലക്ഷം രൂപ വരെ ചെലവ് ചെയ്യുന്നതിനുള്ള അനുമതി ഉത്തരവ് ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിക്കാമോ?

3) ഓരോ സെമിനാറും അനുബന്ധം 1 ൽ സൂചിപ്പിച്ച വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ബന്ധപ്പെട്ട ബഹു.വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാവുന്നതാണോ?

## അനുബന്ധം - 1

| ജില്ല | വിഷയം 1 | വിഷയം 2 | വിഷയം 3 |
|---|---|---|---|
| തിരുവനന്തപുരം | ഭക്ഷ്യ പൊതുവിതരണം | പൊതു വിദ്യാഭ്യാസം | വ്യവസായം |
| കൊല്ലം | മൃഗസംരക്ഷണവും ക്ഷീരവികസനവും | തൊഴിൽ | |
| പത്തനംതിട്ട | ഗതാഗതം | ആരോഗ്യം | |
| ആലപ്പുഴ | കൃഷി | ഫിഷറീസ് | |
| കോട്ടയം | ഉന്നതവിദ്യാഭ്യാസം | സഹകരണം | |
| ഇടുക്കി | ജലവിഭവം | ടൂറിസം | |
| എറണാകുളം | ധനകാര്യം, രജിസ്ട്രേഷൻ | ഐ.ടി | സർവെ |
| തൃശ്ശൂർ | റവന്യൂ | സാമൂഹ്യനീതി | സാംസ്കാരികം |
| പാലക്കാട് | വൈദ്യുതി | തദ്ദേശസ്വയംഭരണം | എക്സൈസ് |
| മലപ്പുറം | കായികം | വനിത-ശിശു വികസനം | |
| കോഴിക്കോട് | പൊതുമരാമത്ത് | ന്യൂനപക്ഷക്ഷേമം | യുവജനക്ഷേമം |
| വയനാട് | പട്ടികജാതി പട്ടികവർഗവികസനം | വനം വന്യജീവി | |
| കണ്ണൂർ | തുറമുഖം | ആഭ്യന്തരം | |
| കാസർകോട് | മ്യൂസിയവും പുരാവസ്തു പുരാരേഖയും | നോർക്ക | |